ദേശാഭിമാനി

17 September 2018

# കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് ശിൽപശാല

**കൊച്ചി**

കാലാവസ്ഥവ്യതിയാനത്തെക്കുറിച്ച് ഗവേഷകർക്ക് അറിവുപകരാൻ 'വിന്റർ സ്കൂൾ' എന്നപേരിൽ കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം വിദഗ്ധരുടെ ചർച്ചയും സംവാദവും സംഘടിപ്പിക്കുന്നു. നവംബർ എട്ടുമുതൽ 29 വരെ നടക്കുന്ന പരിപാടിയിൽ കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ പ്രവണതകൾ ചർച്ചചെയ്യും.

കാലാവസ്ഥ വ്യതിയാനം കടലിന്റെ ആവാസവ്യവസ്ഥയെയും മത്സ്യസമ്പത്തിനെയും എങ്ങനെ ബാധിക്കുന്നുവെന്നതാണ് പ്രധാന ചർച്ചാവിഷയം. സമുദ്രോപരിതലത്തിലെ ചൂടിന്റെ വർധന, അമ്ലീകരണം, കടൽജീവജാലങ്ങളുടെ ആവാസവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, ഇവ നേരിടുന്നതിന് ക്ലൈമറ്റ് സ്മാർട്ട് വില്ലേജുകൾ വികസിപ്പിക്കൽ തുടങ്ങിയ മേഖലകളിൽ പ്രമുഖ ശാസ്ത്രജ്ഞരുടെയും അക്കാദമിക് വിദഗ്ധരുടെയും മേൽനോട്ടത്തിലായിരിക്കും ചർച്ചകൾ. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട ബോധവൽക്കരണം നൽകുകയാണ് പരിപാടിയുടെ ലക്ഷ്യം. കടലിന്റെ ഉപരിതലത്തിൽ ചൂട് ക്രമാതീതമായി ഉയരുന്നത് മത്സ്യസമ്പത്തിനെ സാരമായി ബാധിക്കുന്നുണ്ടെന്നാണ് കണ്ടെത്തൽ. പരിഹാരമാർഗങ്ങൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ടും ചർച്ചകളുണ്ടാകും.

സിഎംഎഫ്ആർഐയിലെ നാഷണൽ ഇന്നൊവേഷൻസ് ഇൻ ക്ലൈമറ്റ് റെസിലിയന്റ് അഗ്രികൾച്ചർ (നിക്ര) ഗവേഷണപദ്ധതിക്കു കീഴിലാണ് പരിപാടി.

ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) സാമ്പത്തികസഹായത്തോടെ നടത്തുന്ന പരിപാടിയിൽ കാലാവസ്ഥ വ്യതിയാന-അനുബന്ധ വിഷയങ്ങളിൽ പ്രാഥമിക അവബോധത്തോടൊപ്പം ശാസ്ത്രവിഷയങ്ങളിൽ ബിരുദാനന്തരബിരുദവുമുള്ളവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.cbp.icar.gov.in,www.cmfri.org.in സന്ദർശിക്കാം.